സംബന്ധിച്ചുള്ള ഷെഡ്യൂൾ തയ്യാറാക്കാൻവേണ്ടി ആവശ്യപ്പെട്ടിട്ടുള്ളതായിട്ടാണ് ഞാൻ അറിയുന്നത്. എന്തായാലും പുനഃസ്ഥാപിക്കാമെന്നുള്ള കാര്യം അദ്ദേഹം നേരിട്ട് എന്നോട് സമ്മതിച്ചിട്ടുള്ളതാണ്.

(2) വലപ്പാട് ഗവൺമെൻറാശുപത്രിയുടെ ശോചനീയാവസ്ഥ

ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ: സർ, എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട വലപ്പാട് ഗവൺമെന്റ് ആശുപത്രി വളരെ ശോചനീയമായ സ്ഥിതിയിലാണ്. അവിടത്തെ പോസ്റ്റ് ഓപ്പറേറ്റീവ് വാർഡിന്റെ പണി പൂർത്തീകരിച്ചിട്ടില്ല. അവിടെ ചിൽഡ്രൻസ് വാർഡിൽ സുരക്ഷിതത്വമില്ല, ഡ്യൂട്ടി ഡോക്ടറെ നിയമിക്കാമെന്ന് കഴിഞ്ഞ അവസരത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉറപ്പു തന്നുവെങ്കിലും ഇതുവരേയും അത് നടപ്പിലാക്കിയിട്ടില്ല. കൈപ്പമംഗലം റൂറൽ ഡിസ്പെൻസറിയിൽ വാർഡ് പണി പൂർത്തീകരിച്ച് 1985 ഒക്ടോബറിൽ ഉദ്ഘാടനം കഴിഞ്ഞിട്ടും സ്റ്റാഫിനെ നിയമിച്ചിട്ടില്ല. അവിടെ സ്റ്റാഫിനെ നിയമിക്കാനും, ഈ പോസ്റ്റ് ഓപ്പറേറ്റീവ് വാർഡ് ഉൾപ്പെടെ വലപ്പാട് ഗവൺമെന്റ് ആശുപത്രിയിലെ അത്യാവശ്യ വികസന പദ്ധതികളും നടപ്പിലാക്കാനും നടപടികൾ സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, വലപ്പാട് ഗവൺമെന്റ് ആശുപത്രിയിൽ ഇപ്പോൾ 65 കിടക്കകൾ ഉണ്ട്. അതിനു പുറമെ അവിടെ ഒരു ജനറൽ വാർഡും, ഒരു പോസ്റ്റ് ഓപ്പറേറ്റീവ് വാർഡും പുതുതായി പണി ചെയ്യാൻ നിർദ്ദേശിച്ചിട്ടുണ്ട്. അതിന്റെ നടപടികൾ സ്വീകരിച്ചുവരുകയാണ്. അതിനാവശ്യമായ സ്റ്റാഫിനേയും അനുവദിക്കേണ്ടതായിട്ടുണ്ട്, അതിന് പ്രൊപ്പോസലുണ്ട്. അത് മൂവ് ചെയ്തുകൊണ്ടിരിക്കുകയാണ്. അതുപോലെ കൈപ്പമംഗലം റൂറൽ ഡിസ്പെൻസറി ഈ അടുത്തകാലത്താണ് ഒരു പ്രാഥമിക ആരോഗ്യകേന്ദ്രമാക്കി ഉയർത്തിയത്. അവിടേയും 12 കിടക്കകളുള്ള ഒരു വാർഡ് പുതുതായി നിർമ്മിച്ച് ആരോഗ്യ വകുപ്പിനെ ഏല്പിച്ചിട്ടുണ്ട്. അവിടത്തേയ്ക്കും ആവശ്യമായ തസ്തികകൾ നൽകേണ്ടതായിട്ടുണ്ട്. ഈ തസ്തികകൾ നൽകുന്ന കാര്യത്തിൽ ഡിപ്പോയ്മെന്റ് സാധിക്കുമോ എന്ന് ചോദിച്ചിരുന്നു. അതിന്റെ താമസം വരുന്നതുകൊണ്ട് സ്റ്റാഫിനെ സാംഗ്ഷൻ ചെയ്ത് അതിന്റെ പ്രവർത്തനം ആരംഭിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുകയാണ്.

(3) എയ്ഡ്സ് രോഗബാധ

ശ്രീ. പന്തളം സുധാകരൻ: സർ, ലോക ജനതയെ മുഴുവൻ പരിഭ്രാന്തിയിലാഴ്ത്തിയ എയ്ഡ്സ് രോഗബാധയുള്ളതായി തെളിഞ്ഞതിന്റെ അടിസ്ഥാനത്തിൽ കൊല്ലം ടി.കെ.എം. എഞ്ചിനീയറിംഗ് കോളേജിലെ മൂന്ന് വിദേശ വിദ്യാർത്ഥികളെ കേരളത്തിൽ നിന്നും തിരിച്ച് അയച്ചതായി പത്രവാർത്തയിൽനിന്ന് അറിഞ്ഞു. എന്നാൽ ഭീകരവും മാരകവുമായ ഈ രോഗലക്ഷണം വിദേശ വിദ്യാർത്ഥികളിൽ കണ്ടുപിടിക്കപ്പെട്ടതിന്റെ പേരിൽ കൊല്ലത്തും പരിസരപ്രദേശത്തുമുള്ള വിദ്യാർത്ഥികളും പൊതുജനങ്ങളും

LIBRARY ARCHIVES Kerala Legislative Assembly